ബഹുമാനപ്പെട്ട ഹൈക്കോടതി റദ്ദാക്കി. അതിൽ ഞങ്ങൾ എന്ത് ചെയ്യാനാണ് ? താൽക്കാലിക ജീവനക്കാരെ സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നത് ഭരണഘടനാ വിരുദ്ധമാണെന്നും നിശ്ചിത കാലാവധിക്കുശേഷം താൽക്കാലിക ജീവനക്കാരെ തുടരാൻ അനുവദിക്കരുതെന്നും കൂടാതെ ഇത്തരക്കാരെ സർവ്വീസിൽ നിന്നും ഉടനടി പിരിച്ചുവിട്ട് ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്നുമാണ് നിർദ്ദേശം. അതു ചെയ്യാം. നമ്മൾ കൊടുത്ത നിർദ്ദേശം അവർ അംഗീകരിച്ചിട്ടില്ല. അതാണ് കുഴപ്പം.

ശ്രീ. പാലോട് രവി : സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് നമ്മുടെ സംസ്ഥാന സർവ്വീസിൽ ജോലി ചെയ്തിരുന്ന താൽക്കാലിക ജീവനക്കാരിൽ ഒരു ചെറിയ ശതമാനത്തെ സ്ഥിരപ്പെടുത്തി. ബാക്കിയുള്ളവർ ഓവർ ഏജ് ആയിരിക്കുന്നു. സ്വാതന്ത്ര്യത്തിന്റെ സുവർണ്ണജൂബിലിയോടനുബന്ധിച്ച് ആ നിശ്ചിത പീരീഡിൽ ജോലി ചെയ്തിരുന്ന മറ്റുള്ളവരെക്കൂടി സ്ഥിരപ്പെടുത്തുമോ ; അവരുടെ പ്രായപരിധി കഴിഞ്ഞു പോയി. ആ ആവശ്യം ഉന്നയിച്ചുകൊണ്ടാണ് അവർ സെക്രട്ടേറിയറ്റിനു മുമ്പിൽ സമരം ചെയ്യുന്നത്. പ്രായപരിധി കഴിഞ്ഞവരായതുകൊണ്ട് അനുഭാവപൂർവ്വമായ പരിഗണന അവർക്ക് നൽകുമോ ?

ശ്രീ. ഇ. കെ. നായനാർ : ഹൈക്കോടതി പറയുന്നത് അവരെ സ്വീകരിക്കാൻ പറ്റുകയില്ല, പുറത്താക്കണം എന്നാണ്. കോടതി പറഞ്ഞാൽ പിന്നെ നമുക്ക് ഒന്നും ചെയ്യാൻ പറ്റുകയില്ല. നമ്മൾ വല്ലതും ചെയ്താൽ അത് ആന്റി കോൺസ്റ്റിറ്റ്യൂഷണലാകും. നമ്മുടെ അഭിപ്രായം അവരെ സ്ഥിരപ്പെടുത്തണമെന്നു തന്നെയാണ്. കോടതി അത് തള്ളിയാൽ അവർ ആയിരം തവണ സമരം നടത്തിയാലും നമുക്ക് ഒന്നും ചെയ്യാൻ പറ്റുകയില്ല. അവർ അത് മനസ്സിലാക്കണം. സമ്മർദ്ദം ചെലുത്താൻ ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്. അവർ കോടതിയിൽ പോയി. സമ്മർദ്ദം ചെലുത്തട്ടെ.

പാചകവാതക വിതരണം

3 (*3) ശ്രീ. ജി. സുധാകരൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. എം. ദാസൻ :
ശ്രീ. എം. എ. തോമസ് :
ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പാചക വാതക ക്ഷാമം അനുഭവപ്പെടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തൊക്കെ എന്ന് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മേൽനോട്ടത്തിൽ പ്രവർത്തിച്ചു വരുന്ന പാചക വാതക വിതരണ കേന്ദ്രങ്ങളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എങ്കിൽ പ്രസ്തുത കേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാണെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(എഫ്) സംസ്ഥാനത്ത് കൂടുതൽ പാചക വാതക വിതരണ കേന്ദ്രങ്ങൾ ആരംഭിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ ; ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ;

(ജി) സംസ്ഥാനത്ത് കൂടുതൽ പാചക വാതക വിതരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ഭാരത് പെട്രോളിയം കോർപ്പറേഷനുമായി എന്തെങ്കിലും ധാരണ ഉണ്ടാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എച്ച്) സംസ്ഥാനത്ത് പുതുതായി എത്ര പാചക വാതക വിതരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ ലക്ഷ്യമിട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഐ) പ്രസ്തുത കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ജെ) ഇപ്പോൾ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മേൽനോട്ടത്തിൽ എത്ര പാചക വാതക വിതരണ കേന്ദ്രങ്ങൾ ഉണ്ട് ; ഇവ എവിടെയൊക്കെയാണ് പ്രവർത്തിച്ചു വരുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ-സി) സംസ്ഥാനത്ത് ഇപ്പോൾ പാചകവാതക ക്ഷാമം അനുഭവപ്പെടുന്നില്ല.

(ഡി&ഇ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന തിരുവനന്തപുരം, കരുനാഗപ്പള്ളി, കായംകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ പാചക വാതക വിതരണ കേന്ദ്രങ്ങളുടെ പ്രവർത്തനം കോർപ്പറേഷന്റെ മേൽനോട്ടത്തിൽ കാര്യക്ഷമമായി നടക്കുന്നുണ്ട്. പാചക വാതകത്തിന് ബുക്ക് ചെയ്തതിൽ കായംകുളം വിതരണ കേന്ദ്രത്തിൽ ഇനി 9098 പേർക്ക് പുതിയ കണക്ഷൻ കൊടുക്കാൻ ബാക്കിയുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തുന്ന പാചക വാതക വിതരണ കേന്ദ്രങ്ങളിൽ ഗ്യാസ് സിലിണ്ടറിന് ക്ഷാമമില്ല.

(എഫ്-എച്ച്) ഭാരത് പെട്രോളിയം കോർപ്പറേഷനുമായി സംയോജിച്ച് സംസ്ഥാനത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുപ്പതോളം പുതിയ പാചക വാതക വിതരണ കേന്ദ്രങ്ങൾ ആരംഭിക്കുവാനുള്ള നിർദ്ദേശം തയ്യാറാക്കിയിട്ടുണ്ട്. ഇത് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

(ഐ) കേന്ദ്ര പെട്രോളിയം മന്ത്രാലയത്തിന്റെയും ബന്ധപ്പെട്ട ഓയിൽ കമ്പനികളുടെയും അംഗീകാരത്തോടെയാണ് പാചക വാതക വിതരണം തുടങ്ങുന്നത്. ഇതിനുള്ള മാനദണ്ഡം പ്രധാനമായും കേന്ദ്രസർക്കാരിന്റെ പെട്രോളിയം പാചക വാതക വകുപ്പാണ് നിശ്ചയിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ജെ) തിരുവനന്തപുരം, കരുനാഗപ്പള്ളി, കായംകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മേൽനോട്ടത്തിൽ 4 പാചകവാതക വിതരണ കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്.

ശ്രീ. പി. സി. ജോർജ് : പാചകവാതക വിതരണത്തിലും ലൈസൻസിംഗിലും ക്രമക്കേടുകൾ നടക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : പാചകവാതകത്തിന് അനുവാദം കൊടുക്കുന്ന ലൈസൻസിംഗ് അതോറിറ്റി സെൻട്രൽ ഗവൺമെന്റാണ്. അപാകതയുണ്ടെങ്കിൽ അത് ശ്രദ്ധയിൽപ്പെടുത്തിയാൽ അവരെ അറിയിക്കാം. ഇവിടെ ക്രമക്കേടുകൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അവരുടെ പേരിൽ അന്വേഷണം നടത്താനും ആക്ഷൻ റെക്കമെന്റ് ചെയ്യാനും ഗവൺമെന്റിന് അധികാരമുണ്ട്. അത് ചെയ്തുവരുന്നുമുണ്ട്.

ശ്രീ. പി. സി. ജോർജ് : പാചകവാതകത്തിന്റെ വില ഓപ്പൺ മാർക്കറ്റിലേതിനു തുല്യമാക്കാൻ കേന്ദ്ര ഗവൺമെന്റിന് നീക്കമുള്ളതായി അടുത്ത കാലത്ത് പത്രവാർത്ത ഉണ്ടായിരുന്നു. ഇപ്പോൾ ഗ്രാമ പ്രദേശങ്ങളിൽപ്പോലും ഗ്യാസ് കണക്ഷൻ സാധാരണയായിക്കഴിഞ്ഞിരിക്കുന്നു. ആ നിലയ്ക്ക് പാചക വാതകത്തിന്റെ വില വർദ്ധിപ്പിക്കുകയെന്നു പറഞ്ഞാൽ അത് ജനങ്ങളോടു കാണിക്കുന്ന വലിയ ദ്രോഹമാണ്. ഇക്കാര്യത്തിൽ കേരളത്തിലെ ജനങ്ങളെ സഹായിക്കാൻ എന്തു മാർഗ്ഗമാണ് ഗവൺമെന്റിന്റെ മുന്നിലുള്ളത് ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് നിസ്സഹായമാണ്. മുൻകാലങ്ങളിൽ കേന്ദ്രഗവൺമെന്റ് പാചകവാതകത്തിന് സബ്സിഡി കൊടുത്തിരുന്നു. അത് കുറച്ചുകൊണ്ടു വന്ന് അതിൽ നിന്നു പിൻമാറാൻ ലൈസൻസിംഗ് പോളിസി പോലും ചെയിഞ്ച് ചെയ്തിട്ട് ഓപ്പണായിട്ട് കൊടുക്കാനുള്ള സംവിധാനത്തിലേക്ക് ഇത് കൊണ്ടു പോകാനാണ് കേന്ദ്ര ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. പോളിസി ഡിസിഷൻ എടുത്തു കഴിഞ്ഞു. ആ നയം അനുസരിച്ചേ പറ്റുകയുള്ളൂ, ഇൻഡ്യാ ഗവൺമെന്റാണ് നയം രൂപീകരിക്കുന്നത്.

ശ്രീ. എം. ദാസൻ : ഗാർഹികാവശ്യങ്ങൾക്കു വേണ്ടി സബ്സിഡി നിരക്കിൽ നൽകുന്ന പാചക വാതക സിലിണ്ടറുകൾ വാഹനങ്ങളിൽ ഉപയോഗിക്കുന്നുണ്ടെന്ന് പരക്കെ ആക്ഷേപമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് തടയാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : അങ്ങനെ പരാതി കിട്ടിയാൽ എസ്സെൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് അനുസരിച്ച് ആക്ഷനെടുക്കും. ചില പരാതികൾ കിട്ടിയിട്ടുണ്ട്. ആക്ഷനെടുത്തിട്ടുമുണ്ട്. സാധാരണ വാഹനങ്ങൾക്ക് ഉപയോഗിക്കാനുള്ള ഗ്യാസ് സിലിണ്ടർ പ്രത്യേക തരത്തിലുള്ളതാണ് ; ഇതല്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. ദാസൻ : സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ നാല് പാചകവാതക വിതരണ കേന്ദ്രങ്ങളാണ് പ്രവർത്തിച്ചു വരുന്നത്. കായംകുളം കേന്ദ്രത്തിൽ പാചകവാതകത്തിന് ബുക്ക് ചെയ്ത 9098 പേർക്ക് പുതിയ കണക്ഷൻ കൊടുക്കാനുണ്ടെന്ന് ഉത്തരത്തിൽ പറഞ്ഞു. മറ്റു കേന്ദ്രങ്ങളിലും ഇതുപോലെ അപേക്ഷിച്ചവർക്ക് കണക്ഷൻ കൊടുക്കാൻ ബാക്കിയുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ബാക്കിയുള്ളിടത്ത് കുടിശ്ശിക തീർത്തു. കായംകുളത്ത് 9098 പേർക്ക് കൊടുക്കാനുണ്ട്. അത് വളരെ വേഗത്തിൽ കൊടുത്തു തീർക്കുന്നതാണ്.

ശ്രീ. എം. വി. ജയരാജൻ : ഇപ്പോൾ പാചക വാതക വിതരണ കേന്ദ്രങ്ങൾ മാത്രമാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ആരംഭിച്ചിട്ടുള്ളത്. പാചകവാതകത്തിന്റെ ഉല്പാദനം കൂടി സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ ആരംഭിക്കാൻ കഴിഞ്ഞാൽ വളരെ ഉപകാരപ്രദമായിരിക്കും. അതിന് ആവശ്യമായ കേന്ദ്രാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ ഇപ്പോഴത്തെ പോളിസിയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് പ്രത്യേക മുൻഗണനയില്ല. അവർക്ക് അതിന് സെലക്ഷൻ ബോർഡുണ്ട്. അവർ സെലക്ട് ചെയ്യുന്നതിന് എക്സ് സർവ്വീസ്മെൻ, എസ്.സി/എസ്.ടി ഇങ്ങനെ പല മാനദണ്ഡങ്ങളുമുണ്ട്. അതിൽ നമ്മളും ഒരു ആപ്ലിക്കന്റ് ആണ് എന്നേയുള്ളൂ. ഇപ്പോൾത്തന്നെ 30 സ്ഥലത്തേയ്ക്ക് സിവിൽ സപ്ലൈസ് കോർപ്പറേഷൻ അപേക്ഷ സമർപ്പിച്ചിരിക്കുകയാണ്. ഇതുവരെ ഡിസിഷൻ എടുത്തിട്ടില്ല. അതിനുള്ള ഫാക്ടറീസ് ഐ.ഒ.സി.യൊക്കെ നടത്തുന്നുണ്ട്. ഇപ്പോൾത്തന്നെ കഴക്കൂട്ടത്തുണ്ടായിട്ടും പുതിയത് ഉണ്ടാക്കാൻ പോകുകയാണ്.

ശ്രീ. എം. വി. ജയരാജൻ : 30 പുതിയ കേന്ദ്രങ്ങൾ കൂടി അനുവദിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്ന് പറഞ്ഞു. ആ കേന്ദ്രങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ? വടക്കൻ ജില്ലകളായ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇതില്ല. അവിടെ ധാരാളം അപേക്ഷകരുണ്ട്. അവർക്കെല്ലാം കൊടുക്കാൻ സാധിക്കണ്ടേ ? അവിടെയുള്ള രണ്ടുമൂന്നു കേന്ദ്രങ്ങളൊഴിച്ചാൽ പിന്നെ കോഴിക്കോട്ടേയുള്ളൂ.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : എല്ലാ ജില്ലകളിലേക്കും കൂടിയാണ് 30 കേന്ദ്രങ്ങൾ ആവശ്യപ്പെട്ടിട്ടുള്ളത്. അതിന്റെ ലിസ്റ്റ് ഇപ്പോൾ എന്റെ കയ്യിൽ ഇല്ല. പ്രത്യേക ചോദ്യത്തിന് നോട്ടീസ് തന്നാൽ പറയാം.

ശ്രീ. ജോണി നെല്ലൂർ : പാചക വാതക വിതരണം നടത്തുമ്പോൾ നിശ്ചിത വിലയേക്കാൾ കൂടുതൽ വില ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അങ്ങനെ കൂടുതൽ വില ഈടാക്കുന്നവരുടെ പേരിൽ എന്തു നടപടി സ്വീകരിക്കും ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ശ്രദ്ധയിൽപ്പെട്ടതിനൊക്കെ ആക്ഷനെടുക്കുന്നുണ്ട് ; ഫൈൻ ഈടാക്കുന്നുണ്ട്. വേണമെങ്കിൽ ലൈസൻസ് ക്യാൻസൽ ചെയ്യാം ഇങ്ങനെയുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കുന്നുണ്ട്. സാധാരണ ബിൽ പരിശോധിച്ചാൽ എല്ലാം കറക്ടായിരിക്കും.

ശ്രീ. സി. ടി. അഹമ്മദ് അലി : ഏജൻസികൾ വിതരണം ചെയ്യുന്ന പാചകവാതകത്തിന് വ്യത്യസ്തമായ റേറ്റ് നിലനിൽക്കുന്നുണ്ട്. റേറ്റിലുള്ള അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഗവൺമെന്റ് ഓഫ് ഇന്ത്യ ഫിക്സ് ചെയ്തിരിക്കുന്ന റേറ്റിനേ കൊടുക്കുവാൻ പറ്റുകയുള്ളൂ. വ്യത്യസ്തമായി ആരെങ്കിലും ഈടാക്കുന്നുണ്ടെങ്കിൽ അവരുടെ പേരിൽ നടപടിയെടുക്കും.

മി. സ്പീക്കർ : ചോദ്യം നമ്പർ 4,6,13 എന്നിവ ക്ലബ് ചെയ്തെടുക്കാം.

പ്രധാനമന്ത്രിക്ക് സംസ്ഥാന സർക്കാർ നൽകിയ നിവേദനം

4 (*4) ശ്രീ. ബി. വിജയകുമാർ :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രധാനമന്ത്രി 2000-മാണ്ടിൽ സംസ്ഥാനത്ത് വിശ്രമാർത്ഥം എത്തിയപ്പോൾ സംസ്ഥാനത്തിന്റെ ആവശ്യങ്ങളടങ്ങുന്ന നിവേദനം സംസ്ഥാന ഗവൺമെന്റ് പ്രധാനമന്ത്രിക്ക് നൽകിയിരുന്നുവോ ;

(ബി) എങ്കിൽ പ്രസ്തുത നിവേദനത്തിൽ ഉന്നയിച്ച ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു ;

(സി) പ്രധാനമന്ത്രി തിരികെ പോകുന്നതിനു മുമ്പ് സംസ്ഥാനത്തിന് പ്രയോജനം ചെയ്യുന്ന എന്തെല്ലാം പ്രഖ്യാപനങ്ങൾ നടത്തി ;

(ഡി) ഈ പ്രഖ്യാപനവും ഗവൺമെന്റ് അദ്ദേഹത്തിനു നൽകിയ നിവേദനത്തിലെ ആവശ്യങ്ങളും സംബന്ധിച്ച ഒരു താരതമ്യം നൽകുമോ ;

(ഇ) അദ്ദേഹത്തിന്റെ പ്രഖ്യാപനങ്ങളുടെ തുടർനടപടി എന്ന നിലയിൽ ഗവൺമെന്റ് എന്തെല്ലാം നടപടി സ്വീകരിച്ചു ;

(എഫ്) പ്രധാനമന്ത്രിയുടെ പ്രഖ്യാപനങ്ങൾ നടപ്പാക്കാൻ സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിക്കേണ്ടതുണ്ട് ; ഈ നടപടി സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചുവോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ജി) പ്രധാനമന്ത്രിയുടെ പ്രഖ്യാപനങ്ങളിൽ എന്തെല്ലാം ഇതുവരെ നടപ്പാക്കി ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) നൽകിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly